(എഫ്) ജില്ലാട്രഷറിയിൽ നിക്ഷേപിച്ചിരിക്കുന്നു.

(ജി) അതെ.

പശ്ചാത്തല വികസന ആക്ടനുസരിച്ച് സംഭരിച്ച തുക

2 (268)ശ്രീ. കെ.സുധാകരൻ :

ശ്രീ. ഇ.എം.അഗസ്തി :

ശ്രീ. ജോർജ്ജ് ഇ മാത്യു :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പശ്ചാത്തല വികസന ആക്ടനുസരിച്ച് എന്തു തുക സംസ്ഥാനം ഇതുവരെ സംഭരിച്ചു;

(ബി) ഇപ്രകാരം സംഭരിച്ച തുകയ്ക്ക് എത്ര ശതമാനം പലിശ നൽകണം;

(സി) ഈ തുക തിരിച്ചു നൽകേണ്ടതെന്നാണ്;

(ഡി) ഈയിനത്തിൽ സംസ്ഥാനം സംഭരിച്ച തുകയിൽ ഇതുവരെ എന്തു തുക പശ്ചാത്തല വികസന പദ്ധതികൾക്കുവേണ്ടി നൽകി;

(ഇ) ഏതെല്ലാം പദ്ധതികൾക്ക് എന്തു തുക വീതം നൽകി;

(എഫ്) ഏതെല്ലാം ഏജൻസികളാണ് ഈ പദ്ധതി നടപ്പാക്കുന്നത്;

(ജി) ഈ ഏജൻസികൾക്ക് എത്ര ശതമാനം പലിശയ്ക്കാണ് ഈ തുക നൽകിയിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധിയിലേക്ക് ഇതു വരെ 507.06 കോടി രൂപ സമാഹരിച്ചിട്ടുണ്ട്.

(ബി) 13.25% അർദ്ധ വാർഷിക പലിശ നൽകണം.

(സി) 7 വർഷത്തിനുശേഷം തിരിച്ചു നൽകണം.

(ഡി) ഇതുവരെ തുകയൊന്നും നൽകിയിട്ടില്ല. ബന്ധപ്പെട്ട വകുപ്പുകൾക്ക് അപേക്ഷാ ഫോം നൽകിയിട്ടുണ്ട്. അവ ലഭിച്ചശേഷമേ മേൽ നടപടികൾ തുടങ്ങാൻ സാധിക്കുകയുള്ളു.

(ഇ)-(ജി) മുൻ ഉത്തരത്തിന്റെ വെളിച്ചത്തിൽ മറുപടി ഉദിക്കുന്നില്ല.

അടിസ്ഥാന സൗകര്യ വികസന ഫണ്ട്

4(270)ശ്രീ. ഉമ്മൻചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടി നിയമ നിർമ്മാണത്തിലൂടെ സംസ്ഥാന ഗവണ്മെന്റ് എത്ര രൂപ സമാഹരിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) ഈ ഫണ്ടിൽനിന്നും ഇതിനോടകം എത്ര രൂപ ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ ഫണ്ടിൽനിന്നും പണം നൽകുന്നതിന് എത്ര സ്കീമുകൾക്ക് അംഗീകാരം നല്കി എന്നും; ഏതെല്ലാം സ്കീമുകളാണെന്നും വ്യക്തമാക്കുമോ;

(ഡി) 2000-2001 സാമ്പത്തിക വർഷം ഈ ഫണ്ടിൽനിന്നും എത്ര രൂപ ചെലവഴിക്കുവാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ഇ) ഈ ഫണ്ടിൽ നിക്ഷേപിച്ചിട്ടുള്ളവർക്ക് ഒരു ദിവസം എത്ര രൂപ പലിശയിനത്തിൽ നൽകേണ്ടിവരും എന്ന് വ്യക്തമാക്കുമോ;

(എഫ്) ഈ ഫണ്ട് വകമാറ്റി ചെലവഴിക്കരുത് എന്ന കോടതിയുടെ നിർദ്ദേശം ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ;

(ജി) ഈ ഫണ്ട് വകമാറ്റി ചെലവഴിക്കുകയില്ലെന്ന് ഗവണ്മെന്റ് കോടതിക്ക് ഉറപ്പു നൽകിയിട്ടുണ്ടോ?

ഉത്തരം

(എ) 507.06 കോടി രൂപ.

(ബി) തുകയൊന്നും ചെലവഴിച്ചിട്ടില്ല.

(സി) ഇതുവരെ അംഗീകാരം നൽകിയിട്ടില്ല. ബന്ധപ്പെട്ട വകുപ്പുകൾക്ക് അപേക്ഷാഫാറം നൽകിയിട്ടുണ്ട്. അവ ലഭിച്ചശേഷമേ സ്കീമുകളുടെ വിവരം വ്യക്തമാവുകയുള്ളു.

(ഡി) തിട്ടപ്പെടുത്തിയിട്ടില്ല.

(ഇ) 18.40 ലക്ഷം രൂപ.

(എഫ്) കോടതിയുടെ നിർദ്ദേശമൊന്നും ലഭിച്ചിട്ടില്ല.

(ജി) മുൻ ഉത്തരത്തിന്റെ വെളിച്ചത്തിൽ മറുപടി ഉദിക്കുന്നില്ല.

നികുതികൾ ഏകീകരിക്കുന്നത് സംബന്ധിച്ചുള്ള നിയമം

5 (271)ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനങ്ങളിലെ നികുതികൾ ഏകീകരിക്കുന്നതു സംബന്ധിച്ചുള്ള നിയമം നടപ്പിലായത് എന്നു മുതൽക്കാണ്;

(ബി) ഇതുമൂലം കേരളത്തിൽ ഏതെല്ലാം സാധനങ്ങൾക്ക് നികുതി വർദ്ധനവുണ്ടായി; നിലവിലുണ്ടായിരുന്ന നികുതിനിരക്കെത്ര; എത്ര വർദ്ധനവുണ്ടായി; ഇതുമൂലം എത്ര രൂപയാണ് പ്രതീക്ഷിക്കുന്നത്;

(സി) ഖാദി കമ്മീഷന്റെയും ഖാദി ബോർഡിന്റെയും കീഴിൽ ഉൽപ്പാദിപ്പിക്കുന്ന ഏതെല്ലാം ഉൽപ്പന്നങ്ങൾക്കാണ് പുതുതായി നികുതി ഏർപ്പെടുത്തിയത്;

(ഡി) ഖാദി ഉൽപ്പന്നങ്ങൾക്കുള്ള നികുതി പിൻവലിക്കണമെന്നാവശ്യപ്പെട്ട് എന്തെങ്കിലും നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly